**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1221 — 13/12/2012-ൽ മറുപടിയ്ക്ക്

**മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയ്ക്ക് നൽകിയ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | പേരാമ്പ്രയിൽ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ കീഴിൽ ഉണ്ടായിരുന്നതും പ്രസ്തുത സംവിധാനം ഇല്ലാതായതിനു ശേഷം സർക്കാരിൽ നിക്ഷിപ്തവുമായ ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | പേരാമ്പ്രയിലെ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ 1.36 ഏക്കർ സ്ഥലം സർക്കാർ ഉത്തരവ് (സാധാ) നം. 2219/03/റവ തീയതി 29-07-2003 പ്രകാരം ശ്രീമതി കല്യാണി അമ്മയ്ക്ക് നൽകാൻ ഉത്തരവായിരുന്നു; സർക്കാർ നടപടിയ്ക്കെതിരെ പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീമതി. ആലീസ് മാത്യു ബഹു. ഹൈക്കോടതിയിൽ അന്യായം നം.25559/03 ഫയൽ ചെയ്യുകയും സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും ചെയ്തിരുന്നു. മേൽ കേസിൽ 20-11-2012-ൽ സർക്കാർ ഉത്തരവിനനുകൂലമായി വിധിയായിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും നിയമോപദേശം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | മേൽ വിധിന്യായത്തിന്മേൽ നിയമോപദേശം തേടിയിട്ടില്ല. |

......2

(സി) പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിന് പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്ന കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

(സി) ഹൈക്കോടതിയിൽ ഡബ്ല്യു. പി. (സി) നം.25559/2003 ആയി നിലനിന്നിരുന്ന കേസിൽ 20-11-2012-ൽ സർക്കാർ ഉത്തരവിന് അനുകൂലമായി വിധിന്യായമുണ്ടായിട്ടുണ്ട്. സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് എതിർ കക്ഷിക്ക് അനുകൂലമായി എടുത്ത തീരുമാനത്തിൽ ഇടപെടാൻ കാരണമില്ല എന്നും ഹർജിക്കാരന് (പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്) ഭൂമി ആവശ്യമുണ്ടെങ്കിൽ ഏറ്റെടുക്കാനുള്ള അപേക്ഷ സർക്കാരിലേയ്ക്ക് നൽകാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. സർക്കാർ തലത്തിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.